# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *114 — 20.01.2014-ൽ മറുപടിയ്ക്ക്

## അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ

**ചോദ്യം**

**ശ്രീ. പി.ഉബൈദുള്ള**
**,, എൻ.എ.നെല്ലിക്കുന്ന്**
**,, എൻ.ഷംസുദ്ദീൻ**
**,, സി.മമ്മൂട്ടി**

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകളിൽ കേബിൾ, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കാൻ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

**മറുപടി**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കേബിൾ, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇതിനായി റോഡ് കട്ടിംഗ് ആവശ്യമായി വരുന്ന വകുപ്പ്, പൊതുമരാമത്ത് വകുപ്പിൽ അപേക്ഷിക്കേണ്ടതും തുടർന്ന് അപേക്ഷ ജില്ലാതല സമിതിയിൽ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത സമിതിയിൽ അനുമതി നൽകാൻ തീരുമാനമെടുത്താൽ ഇതുമൂലം റോഡിനുണ്ടാകുന്ന കേടുപാടുകൾ തീർക്കാൻ പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന തുക ബന്ധപ്പെട്ട യൂട്ടിലിറ്റി ഡിപ്പാർട്ട്മെന്റ് ഡെപ്പോസിറ്റ് തുകയായി അടയ്ക്കേണ്ടതാണ്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ച തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ ക്യാരേജ്‌വേയിൽ കേബിളുകൾ ഇടുന്നതിനുവേണ്ടി കുഴിക്കാൻ അനുവദിക്കാറില്ല. എന്നാൽ കുടിവെള്ള വിതരണ പൈപ്പുകളുടെയോ, ഇലക്ട്രിക് കേബിളുകളുടെയോ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി അനുമതി നൽകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ നിശ്ചിത നിരക്കിലുള്ള തുക ബന്ധപ്പെട്ട ഏജൻസി കേരള റോഡ് ഫണ്ട് ബോർഡിന് അടയ്ക്കണമെന്നാണ് വ്യവസ്ഥ. ക്യാരേജ്‌വേ ഒഴികെയുള്ള നടപ്പാതകളും പ്രോജക്ടിന് കീഴിലുള്ള മറ്റ് സ്ഥലങ്ങളും നിശ്ചിത റെഗുലറൈസേഷൻ ചാർജ് ഈടാക്കി കുഴിക്കുന്നതിന് അനുമതി നൽകാറുണ്ട്.

| | | | |
|---|---|---|---|
| (ബി) | അനുമതി വാങ്ങാതെ ഓവർ ഹെഡ്, അണ്ടർഗ്രൗണ്ട് കേബിളു കൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ നിലവിലുള്ള പരിശോധനാ സംവിധാനമെന്തെന്നും, പരിശോധനാ ചുമതലയുള്ള പ്രഥമ ഉദ്യോഗസ്ഥനാരെന്നും വ്യക്ത മാക്കുമോ ; | (ബി) | വളരെക്കാലം മുമ്പേ തന്നെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഓവർഹെഡ് യൂട്ടിലിറ്റി ലൈനുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിൽ സർക്കാർ വക സേവനം നൽകുന്ന ഏജൻസികളും സ്വകാര്യ വാർത്താ വിനിമയ ഏജൻസികളും ഉൾപ്പെടുന്നു. ഇവ പരിശോധിക്കേണ്ട ചുമതല ഹൈവേ അതോറിറ്റി ആയ ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആണ്.<br>KRFB യുടെ കീഴിലുള്ള തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളിൽ ഓവർഹെഡ്, അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. പദ്ധതിയുടെ കൺസഷണർ കമ്പനിയായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനിയുടെ ഉദ്യോഗസ്ഥർ പദ്ധതി റോഡുകൾ പരിശോധിച്ച് ഇക്കാര്യം ഉറപ്പുവരുത്താറുണ്ട്. |
| (സി) | അനാവശ്യമായും അപകടകര മായും കേബിൾ ലൈനുകൾ സ്ഥാപിക്കുന്നത് യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെ തിരെ നടപടി സ്വീകരിച്ചിട്ടു ണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള തടസ്സങ്ങൾ നീക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | നിയമവ്യവസ്ഥകൾ ലംഘിച്ച് സ്ഥാപിച്ചിട്ടുള്ള എല്ലാ ഓവർ ഹെഡ് കേബിളും നീക്കം ചെയ്യാൻ നടപടി സ്വീകരി ക്കുമോ ? | (ഡി) | അനുമതിയില്ലാതെ മുൻകാലങ്ങളിൽ സ്ഥാപി ച്ചിട്ടുള്ള സർക്കാർ ഇതര ഏജൻസികളുടെ ഓവർഹെഡ് കേബിളുകളും പോസ്റ്റുകളും കണ്ടെത്തി പ്രസ്തുത ഏജൻസികളുമായി ഈ വിഷയം ആലോചിച്ച് വളരെ അപകട കരമാംവിധം സ്ഥാപിക്കപ്പെട്ടിട്ടുള്ളവ നീക്കം ചെയ്യുകയും ശേഷിക്കുന്നവ നിയമവിധേയമായി റഗുലറൈസ് ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ